സി1/495/2024-TC

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 14-11-2024

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിൻറ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.(Enf)

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്- വാഹന പരിശോധന വേളയിൽ ഡ്രൈവിംഗ് ലൈസൻസുകളുടെ അസൽ പകർപ്പ് ആവശ്യപ്പെടുന്നത് നിർത്തലാക്കിക്കൊണ്ട് നിർദേശം നൽകുന്നത്- സംബന്ധിച്ച്

സൂചന :- 1) കേന്ദ്രമോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 139
(2) കേന്ദ്രസർക്കാരിൻറെ 08.8.2018 ലെ RT-11036/2018/MVL നമ്പർ കത്ത്
(3) സർക്കാരിൻറെ 06.11.2024 ലെ GO (Rt) No.434/2024/Tran നമ്പർ ഉത്തരവ്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. കേന്ദ്രമോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 139 അനുസരിച്ച് വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് മുമ്പാകെ വാഹനത്തിൻറെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും, ഡ്രൈവിംഗ് ലൈസൻസിൻറെയും ഡിജിറ്റൽ കോപ്പി [Electronic Document ] സമർപ്പിച്ചാൽ മതിയാകുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല, സൂചന (2) പ്രകാരമുള്ള കേന്ദ്രസർക്കാർ ഉത്തരവിൽ mParivahan ആപ്പ് വഴിയും DigiLocker സംവിധാനം വഴിയും ഹാജരാക്കുന്ന, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും, ഡ്രൈവിംഗ് ലൈസൻസിന്റെയും രേഖകൾ, IT ACT 2000 പ്രകാരം അസ്സൽ രേഖകൾക്ക് തുല്യമാണ് എന്നും നിഷ്കർഷിക്കപ്പെടുന്നുണ്ട്.

സൂചന (3) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് സംബന്ധമായ സേവനങ്ങൾക്ക് ശേഷം Printed Form -ൽ ഉള്ള ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നത് നിർത്തലാക്കികൊണ്ടും പകരം Digital രൂപത്തിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ ഏർപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു ആയതിനാൽ വാഹന പരിശോധന സമയത്ത് വാഹന ഉടമകൾ mParivahan ആപ്പ് വഴിയോ, DigiLocker സംവിധാനം വഴിയോ ഹാജരാക്കുന്ന ഡിജിറ്റൽ ഡോക്കുമെൻറ്സ് അല്ലെങ്കിൽ വാഹൻ പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതും, QR code ഉള്ളതുമായ ഡൗൺലോഡ് ചെയ്ത് എടുക്കുന്ന Printed copy അംഗീകരിച്ച് പരിശോധന പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും ഡ്രൈവിംഗ് ലൈസൻസിന്റെ Printed copy (അല്ലെങ്കിൽ physical copy ) ഹാജരാക്കുന്നതിന് വാഹന ഉടമകളെ നിർബന്ധിക്കുവാൻ പാടുള്ളതല്ല. Digital രേഖകൾ പരിശോധിക്കുമ്പോൾ എന്തെങ്കിലും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഡ്രൈവിംഗ് ലൈസൻസുകൾ ഉൾപ്പെടെയുള്ള രേഖകൾ പിടിച്ചെടുക്കുന്നതിന് പകരം Vahan/Sarathy ഡാറ്റ ബേസിൽ ഇലക്ട്രോണിക് ആയി ഇ-ചെല്ലാൻ തയ്യാറാക്കി രേഖകൾ പിടിച്ചെടുത്തതായി രേഖപ്പെടുത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

NAGARAJU CHAKILAM IPS

Signed by
Chakilam Nagaraju
Date: 14-11-2024 11:26:06

TRANSPORT COMMISSIONER

പകർപ്പ് :- E- സെക്ഷൻ (ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്)